Deepika - 05.08.2023

# തൃക്കാക്കര ഭാരത മാതാ കോളജിൽ എംബിഎ രണ്ടാം ബാച്ചിന് അനുമതി

കൊച്ചി: തൃക്കാക്കര ഭാരത മാതാ കോളജിൽ രണ്ടാമത് എംബിഎ ബാച്ചിന് എഐസിടിഇ അനുമതി ലഭിച്ചു. എംജി യൂണിവേഴ്സിറ്റിയുടെ അഫിലിയേഷനും കേരള ഗവൺമെന്റിന്റെ അംഗീകാരത്തോടുംകൂടി ഈ അധ്യയന വർഷത്തിൽ തന്നെ ക്ലാസുകൾ ആരംഭിക്കും. ആദ്യ ബാച്ചിലെ 60 സീറ്റും ഇപ്പോൾ അനുമതി ലഭിച്ച 60 സീറ്റും കൂടി മൊത്തം ഒരു വർഷം 120 സീറ്റുകൾ ഉണ്ട്. 50 ശതമാനത്തിൽ കുറയാതെ മാർക്കോടുകൂടി ഏതെങ്കിലും ഒരു ബിരുദം നേടിയിട്ടുള്ളവർക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്.

14 കോടി രൂപ മുതൽ മുടക്കി പണികഴിപ്പിച്ച പുതിയ ബ്ലോക്കിലാണ് ക്ലാസുകൾ ഈമാസം 17ന് ആരംഭിക്കും. മാർക്കറ്റിംഗ്, ഫിനാൻസ്, എച്ച്ആർഎം, ഇന്റർനാഷണൽ ബിസിനസ്, ഓപ്പറേഷൻസ് മാനേജ്മെന്റ് എന്നീ മേഖലകളിലാണ് ഭാരത മാതാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിൽ എംബിഎ കോഴ്സുകൾ നടത്തിവരുന്നത്. വിശദ വിവരങ്ങൾക്ക് ഫോൺ: 9446967616. വെബ്സൈറ്റ്: www.bmim.org